യുടെ ഓഫീസിൽ വളരെ ഗൗരവമായിട്ട് അക്കാര്യത്തെ സംബന്ധിച്ച് പരിശോധിച്ചു. മുഖ്യമന്ത്രി തന്നെ എനിക്ക് ഒരു കത്ത് നേരിട്ട് തന്നിട്ടുണ്ട്. അപ്പോൾ അത് 21-ാം തീയതി കഴിഞ്ഞ്, 22-ാം തീയതി ഇവിടെ ഉന്നയിക്കുമ്പോൾ യഥാസമയം മറുപടി പറയാൻ കഴിയാതിരുന്നതിൽ ഒരു വീഴ്ചയുണ്ട്. ആ വീഴ്ച എന്തുകൊണ്ടാണ് ഉണ്ടായത് എന്നുള്ളത് പരിശോധിച്ചു, യഥാസമയം മറുപടി പറയണ്ടേ, പറഞ്ഞാൽ അപ്പോൾ തീരാവുന്ന പ്രശ്നമേയുള്ളൂ. പലതും. അൽപ്പം താമസിച്ചതിന്റെ കാര്യം വേറെയുണ്ട്. എന്നാലും ആ സമയത്ത് മറുപടി പറയാൻ കഴിയാത്തതിന്റെ വീഴ്ചയെ സംബന്ധിച്ച് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കും. മുഖ്യമന്ത്രി ഒപ്പിട്ട ചോദ്യങ്ങൾ, 5 ചോദ്യം അന്നു തന്നെ വരാവുന്നത് എത്തിയിട്ടില്ലെന്ന് കാണിച്ചുകൊണ്ട് മുഖ്യമന്ത്രി തന്നെ അതിനെ സംബന്ധിച്ച് പരിശോധിച്ച് നടപടി എടുത്തിട്ടുണ്ട്. ആ ഗൗരവം കൂടി വച്ചുകൊണ്ട് ഇവിടെ കൂടുതൽ പരിശോധിച്ച് യുക്തമായ നടപടി എടുക്കുന്നതാണ്. അത് നല്ല ഒരു സംഗതിയായിട്ടാണ് കണക്കിലെടുക്കേണ്ടത്. ബാക്കിയുള്ള ചോദ്യങ്ങളെ സംബന്ധിച്ചൊന്നും ഇവിടെ വന്നിട്ടില്ല. വളരെ ചിട്ടയായിട്ട് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. കുറച്ചുകൂടി കാര്യക്ഷമമായിട്ട് കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ചില പുത്തൻ കാര്യങ്ങൾ ചെയ്യാൻ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ശ്രദ്ധിക്കേണ്ട സംഗതി എന്നുപറയുന്നത് മറുപടി തരാത്തത് ഇൻ കൺവീനിയൻസുള്ള ക്വസ്റ്റ്യൻസിനാണ്. അത് അങ്ങ് ഒന്ന് പരിശോധിക്കണം. അതാണ് മാറ്റിവച്ചത്. 70 ക്വസ്റ്റ്യൻസിന് മറുപടി തന്നു, 43 എണ്ണത്തിന് തന്നില്ല. അത് ഒന്ന് പരിശോധിക്കണം.

റൂളിംഗ്

<u>മി. സ്പീക്കർ</u> : അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്, ആ ചോദ്യങ്ങൾ മുഴുവനും പരിശോധിച്ചിട്ടാണ് ഞാൻ പറയുന്നത്. ഇന്നലെയും മിനിഞ്ഞാന്നുമായിട്ട് മറപുടി തരാത്ത ക്വസ്റ്റ്യൻസ് ഒന്നും ഇല്ല. 21-ാം തീയതിയിലെ 113 ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു കഴിഞ്ഞിരിക്കുന്നു. 20-ാം തീയതി 70 ചോദ്യങ്ങൾക്കും ബാക്കി 43 ചോദ്യങ്ങൾക്ക് 21-ാം തീയതിയും മറുപടി ലഭിച്ചുകഴിഞ്ഞു. പിന്നെ ഇൻ-കൺവീനിയൻസിന്റെ പ്രശ്നമെന്താ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഇതുവരെ ഞങ്ങൾക്ക് കിട്ടിയോ?

<u>മി. സ്പീക്കർ</u> : അത് ഞാൻ പറഞ്ഞല്ലോ, ഈ സഭയിൽ തുടർന്നു വരുന്ന ഒരു നടപടിക്രമമാണ്. ഇവിടെ താമസിച്ചു വരുന്ന ചോദ്യങ്ങൾ എങ്ങനെ നിങ്ങളിൽ എത്തും എന്നുള്ളത് ഒരു നടപടിക്രമമാണ്. ഇവിടെ തുടർന്നുവരുന്ന കാര്യമാണ് പുതിയതായിട്ടുള്ള കാര്യമല്ല. ഇവിടെ ബുള്ളറ്റിൻ അനുസരിച്ചാണ് കിട്ടുക. ഇപ്പോഴത്തെ സംവിധാനത്തിൽ എന്തു മാറ്റം വരുത്താൻ കഴിയും എന്നുള്ളത് ഞാൻ ഗൗരവമായി പരിശോധിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ അതിനെ സംബന്ധിച്ച് അറിയിപ്പുണ്ടാകും.

ഇന്ന് ഒരു അടിയന്തിര പ്രമേയത്തിന്റെ നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ആ വിഷയം ഇന്നലെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന്റെ തുടർച്ച എന്ന നിലയിൽ ആയതുകൊണ്ട് അത് അനുവദിക്കാൻ നിർവ്വാഹമില്ല എന്നകാര്യം ചെയർ ആമുഖമായിട്ട് അറിയിക്കുകയാണ്. (ബഹളം .....)

ഓർഡർ ..... ഓർഡർ ..... (ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly

ചെയർ അനുവദിക്കാത്ത കാര്യത്തെ സംബന്ധിച്ച് ഒരു ചർച്ച ഇപ്പോൾ അനുവദിക്കാൻ പറ്റില്ല. നിർവാഹമില്ല. എന്നോട് ക്ഷമിക്കുക, സബ്മിഷനായി ഉന്നയിക്കാനുള്ള അവസരം തരാം.

(ബഹളം .....) ശ്രദ്ധക്ഷണിക്കൽ ..... ശ്രീ. കെ.പി.എ. മജീദ്.....

III. ശ്രദ്ധക്ഷണിക്കൽ

(1) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.പി.എ. മജീദ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഈ സഭയുടേയും ഗവണ്മെന്റിന്റെയും മുൻപിൽ ഞാൻ അവതരിപ്പിക്കുകയാണ്. ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം സഭ ആരംഭിക്കുന്ന ദിവസം നല്കിയ തായിരുന്നു. നിർഭാഗ്യവശാൽ അന്ന് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഈ സഭയും ഗവണ്മെന്റും രാഷ്ട്രീയ സംഘടനകളുമെല്ലാം വളരെ ഗൗരവമായി ആലോചിക്കേണ്ട ഒരു പ്രശ്നമാണ് ഞാൻ ഈ സന്ദർഭത്തിൽ ശ്രദ്ധയിൽപ്പെടുത്തുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിൽക്കൂടി ആവശ്യപ്പെടുന്നത്. സർ, നമ്മുടെ നിയമസഭയുടെ പിന്നോക്ക ക്ഷേമസമിതി കേരളത്തിലെ സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ തുടങ്ങിയ സർവീസുകളിൽ പിന്നോക്കവിഭാഗത്തെ സംബന്ധിച്ചുള്ള വിശദമായ ഒന്ന്, മൂന്ന്, അഞ്ച് - റിപ്പോർട്ടുകൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിയ സംവരണ കാറ്റ പൂർണമായും പാലിച്ചുവോ ഇല്ലയോ എന്ന കാര്യത്തിൽ ഈ റിപ്പോർട്ട് തന്നെ വ്യക്തമാക്കുന്ന കാര്യമാണ്. സാമൂഹിക നീതി ഉറപ്പുവരുത്താനും പിന്നോക്കക്കാരെ ഉയർത്തിക്കൊണ്ടുവരാനും അധികാരത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും വേണ്ടി ജാതി സംവരണം തീരുമാനിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടുള്ള സർവീസുകളിലെ നിയമനങ്ങൾ എല്ലാം പരിശോധിച്ചാൽ ഓരോ വിഭാഗത്തിനും അർഹമായിട്ടുള്ള കാറ്റ പോലും ലഭ്യമായിട്ടില്ല എന്ന് നമുക്ക് കാണാൻ കഴിയും. സർക്കാർ സർവീസിലാകട്ടെ പൊതുമേഖലയിൽ ആകട്ടെ ജോലിയുടെ സാധ്യത കുറഞ്ഞു വന്നുക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഏറ്റവും വലിയ ജോലി സാധ്യതയുള്ളത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലാണ്. സ്വകാര്യമേഖലയിലെ വിദ്യാലയങ്ങളിൽ വളരെയധികം നിയമനങ്ങൾ വന്നുക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ 12,533 എൽ.പി., യു.പി. ഹൈസ്കൂൾ, പ്ലസ് ടു തുടങ്ങിയ വെറും 4454 സ്ഥാപനങ്ങളാണ് ഗവണ്മെന്റിലുള്ളത്. മഹാഭൂരിപക്ഷം വരുന്നവയിൽ 7310 സ്ഥാപനങ്ങൾ-സ്വകാര്യമേഖലയിലാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർ മാത്രം 1,87,543 ആണ്. അതിൽ 66717 പേരാണ് ഗവണ്മെന്റിലുള്ള തെങ്കിൽ 1,13,112 അദ്ധ്യാപകൻമാരും ജോലി ചെയ്യുന്നത് കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. അതുപോലെ ആകെയുള്ള 102 ടി.ടി.ഐ. കളിൽ അറുപത്തി നാലെണ്ണം എയിഡഡിലും മുപ്പത്തിയെട്ടണ്ണം ഗവണ്മെന്റിലുമാണ്. അവിടെയും ടീച്ചേഴ്സിന്റെ കണക്കെടുത്താൽ 442 പേർ ഗവണ്മെന്റിലാണെങ്കിൽ 508 അദ്ധ്യാപകൻമാരും പ്രവർത്തിക്കുന്നത് സ്വകാര്യ മേഖലയിലാണ്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 526 അദ്ധ്യാപകരാണ് ആകെയുള്ളത്. അതിലും മഹാഭൂരിപക്ഷം എയിഡഡ് മേഖലയിലുള്ള സ്ഥാപനങ്ങളിലാണ് ഉള്ളത്. അതുപോലെ 186 ആർട്ട്സ് ആന്റ് സയൻസ്

LIBRARY ARCHIVES Kerala Legislative Assembly